പരവൂർ നഗരസഭയിലെ പ്രവൃത്തിയിൽ സോയിൽ സ്ട്രാറ്റ മാറിയതിനാലും കരാറിലേർപ്പെട്ട കാലയളവിലേതിനേക്കാൾ പൈപ്പിന്റെ വില അധികരിച്ചതിനാലും പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനാൽ അത് നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂതക്കുളം വില്ലേജിൽ ബന്ധപ്പെട്ട കരാറുകാരൻ പുതുക്കിയ ടൈം ഷെഡ്യൂൾ സമർപ്പിക്കാത്തതിനാൽ ഈ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

270(1016) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ അടങ്കൽ തുക, പദ്ധതി സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കുമോ?

(എ-സി) കൂട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി നേരിടുന്ന തടസ്സങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത കുടിവെള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ 70 കോടി രൂപയുടെയും രണ്ടാം ഘട്ടത്തിൽ 289.54 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) ഈ പദ്ധതി പൂർത്തീകരിച്ചാൽ കൂട്ടനാടിന് ലഭിക്കുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ?

കൂട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി,ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണ തോതിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

(ഇ) ഈ പദ്ധതി എന്നത്തേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെന്റ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക മേൽനോട്ട സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക ഓഫീസ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിഫ്ബി പ്രോജക്ട് ഡിവിഷൻ, ആലപ്പുഴയെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രണ്ടാഴ്ച കൂടുമ്പോൾ പദ്ധതി പ്രവർത്തന പുരോഗതി സർക്കാർ അവലോകനം ചെയ്യുന്നുമുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണം

271(1017) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണത്തിനായി നടന്നുവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; പഞ്ചായത്ത് തിരിച്ച് വിവരങ്ങൾ നൽകാമോ?

പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്കായി 1,63,73,374 രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.